**അസോസിയേഷൻ ഓഫ് കേരള ഗവൺമെൻറ് കോളേജ് ടീച്ചേഴ്സ്**
(എ.കെ.ജി.സി.ടി.)

# കോവിഡ് കാലത്തെ ഉന്നതവിദ്യാഭ്യാസം

എ.കെ.ജി.സി.ടി. പഠനഗവേഷണകേന്ദ്രത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്

**ആഗസ്റ്റ് 2020**

# കോവിഡ് കാലത്തെ ഉന്നതവിദ്യാഭ്യാസം

അസോസിയേഷൻ ഓഫ് കേരള ഗവൺമെൻറ് കോളേജ് ടീച്ചേഴ്സ്
(എ.കെ.ജി.സി.ടി.) പഠനഗവേഷണകേന്ദ്രത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്

**ആമുഖം**

മനുഷ്യജീവന്റെ നിലനിൽപ്പിനുതന്നെ വെല്ലുവിളിയുയർത്തിക്കൊണ്ട് കോവിഡ്–19 എന്ന മഹാമാരി ലോകമാകെ പടരുകയാണ്. ഇതിനകം രണ്ടുകോടിയിലേറേ മനുഷ്യരെ രോഗികളാക്കുകയും ഏഴുലക്ഷം പേരുടെ ജീവനപഹരിക്കുകയും ചെയ്ത കൊറോണ വൈറസിനെ നേരിടാൻ രാജ്യങ്ങൾ ജനജീവിതം നിശ്ചലമാക്കുന്ന അടച്ചിടൽപോലുള്ള കടുത്തമാർഗങ്ങളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സാമ്പത്തിക-സാങ്കേതിക നിലകളിൽ മുന്നിട്ടു നിൽക്കുന്ന രാജ്യങ്ങൾപോലും കോവിഡിനു മുന്നിൽ അടിപതറുന്ന കാഴ്ച നാം കാണുന്നു. വൈറസിനെതിരെ വാക്സിൻ വികസിപ്പിച്ചെടുക്കുന്നതിൽ ആദ്യഘട്ടം വിജയിച്ചു എന്നത് ഏറെ ശുഭ പ്രതീക്ഷ നൽകുന്ന വാർത്തയാണ്.

കേരളത്തിലെ തൃശൂർ ജില്ലയിൽ ആദ്യമായി ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ട ജനുവരി മാസം തന്നെ സംസ്ഥാന സർക്കാരും, ആരോഗ്യവകുപ്പും വേണ്ട മുൻകരുതലും, മുന്നൊരുക്കങ്ങളും എടുക്കുകയും ലോക്ക്ഡൗൺ കാര്യക്ഷമമായി നടപ്പാക്കുകയും ചെയ്തതിലൂടെ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ ഊർജിതമാക്കാനും രോഗവ്യാപനം വരുതിയിലാക്കാനും സാധിച്ചിട്ടുണ്ട്. രോഗവ്യാപനത്തിന്റെ ആദ്യ രണ്ടു ഘട്ടങ്ങളിലും മികച്ച പ്രതിരോധം തീർക്കാൻ കേരളത്തിനായി. മൂന്നാം ഘട്ടത്തിലെ വർധന നാം മുൻകൂട്ടി കണ്ടതുമാണ്. രോഗബാധിതരുടെ എണ്ണം വർധിക്കുമ്പോഴും മരണനിരക്ക് വളരെ കുറഞ്ഞ അളവിൽ പിടിച്ചു നിർത്താൻ കേരളത്തിന് കഴിയുന്നു എന്നത് ആത്മവിശ്വാസം നൽകുന്നു. എങ്കിലും ഉറവിടം വ്യക്തമല്ലാത്ത രോഗികളുടെ എണ്ണം വർധിച്ചു വരുന്നത് ആശങ്ക വർദ്ധിപ്പിക്കുന്നുണ്ട്.

കോവിഡ്–19 സമ്പദ്വ്യവസ്ഥയുടെ സമസ്ത മേഖലകളെയും ബാധിച്ചു. കോവിഡിന് മുമ്പും ശേഷവും എന്ന നിലയിലേക്ക് നമ്മുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ വന്നുചേർന്നു. സാമ്പത്തിക രംഗത്തും വലിയ മാറ്റങ്ങളുണ്ടായി. അസാധാരണമായ ഈ സാഹചര്യം വിദ്യാഭ്യാസമേഖലയെ പൊതുവിലും ഉന്നതവിദ്യാഭ്യാസമേഖലയെ പ്രത്യേകിച്ചും ബാധിച്ചിട്ടുണ്ട്. ആ സാഹചര്യത്തെ ധീരമായി നേരിട്ട്കൊണ്ട് വിദ്യാഭ്യാസമേഖല നിശ്ചലമാകാതിരിക്കാനുള്ള ബദൽമാർഗങ്ങൾ സ്വീകരിക്കാൻ കേരള സർക്കാരിനായി എന്നത് അഭിനന്ദനാർഹമാണ്.

കോവിഡിനെ ഉൻമൂലനം ചെയ്യുന്നതുവരെ കാത്തിരിക്കുക എന്നതിനു പകരം കോവിഡിനൊപ്പം ജീവിക്കുക എന്ന നിലയിലേക്ക് മാറാൻ രാജ്യങ്ങൾ നിർബന്ധിതരായി. ജനങ്ങൾ പതുക്കെപ്പതുക്കെ ജീവിതതാളം വീണ്ടെടുത്തു തുടങ്ങി. രണ്ടുമാസത്തെ സമ്പൂർണ്ണ അടച്ചുപൂട്ടലിനുശേഷം ഘട്ടംഘട്ടമായി ഇളവുകൾ പ്രഖ്യാപിച്ചു. അതേ തുടർന്നാണ് അവശേഷിക്കുന്ന പരീക്ഷകൾ പൂർത്തിയാക്കി ഫലം പ്രഖ്യാപിക്കാനും, ജൂൺ ഒന്നു മുതൽ തന്നെ ഓൺലൈൻ ക്ലാസ്സുകൾ തുടങ്ങാനും സംസ്ഥാനസർക്കാർ ധീരമായ തീരുമാനമെടുത്തത്.

ഓൺലൈൻ പഠനപ്രക്രിയ രണ്ട്മാസം പിന്നിടുകയാണ്. ഈ മാറ്റം ഏറെ സാധ്യതകളും ഒപ്പം ഒട്ടേറെ വെല്ലുവിളികളും ഉയർത്തുന്നു.

വിദ്യാഭ്യാസമേഖല നിശ്ചലമാകാതിരിക്കാനുള്ള നടപടികളുടെ ഭാഗമായി നിലവിലെ വിദ്യാർത്ഥികൾക്കുവേണ്ടി സർക്കാർ സംവിധാനങ്ങൾ ഉപയോഗിച്ച് ഓൺലൈൻ ക്ലാസുകൾ ആരംഭിക്കുകയും, അതുമായി മികച്ചരീതിയിൽ മുന്നോട്ടു പോകുകയുമാണ് സർക്കാർ ഇപ്പോൾ ചെയ്യുന്നത്. ഈ നൂതനരീതി സ്വീകരിക്കപ്പെട്ടപ്പോൾ അനേകം വിദ്യാർഥികൾ ഇത്തരം സൗകര്യങ്ങൾ ഇല്ലാതെ പുറത്തുനിൽക്കുന്ന സ്ഥിതിവിശേഷം ഉണ്ടായി. കുറേയേറെപ്പേരെ ഇതിനുള്ളിൽ എത്തിക്കാനായെങ്കിലും ഇനിയും ഓൺലൈൻ ക്ലാസുകൾ ലഭിക്കാത്ത ധാരാളം വിദ്യാർഥികളുണ്ട്. അവർക്കു കൂടി ഈ സൗകര്യം എത്തിച്ചു നൽകേണ്ടതുണ്ട്. പൊതുസമൂഹത്തെയും, രാഷ്ട്രീയ, യുവജന, വിദ്യാർത്ഥി സംഘടനകളേയും ഈ യജ്ഞത്തിന്റെ പങ്കാളിയാക്കുന്നതിൽ കേരള സർക്കാർ വിജയിച്ചു. കൂട്ടുത്തരവാദിത്തത്തിന്റെ എല്ലാ സാധ്യതകളെയും പ്രയോജനപ്പെടുത്താൻ നമുക്ക് സാധിച്ചു. സംസ്ഥാനം നേരിടുന്ന കോവിഡ് പ്രതിസന്ധിയിൽ ഓരോ ദിവസവും അവസരോചിതമായ ഇടപെടലാണ് നടന്നു കൊണ്ടിരിക്കുന്നത്. ഇതിനുദാഹരണമാണ് കോളേജുകളിലെ സീറ്റു വർദ്ധനയ്ക്കായി സർക്കാർ നടത്തിയ ഇടപെടൽ. കോവിഡിന്റെ സവിശേഷ സാഹചര്യത്തിൽ മറ്റു സംസ്ഥാനങ്ങളിൽ പോയി ഉന്നതവിദ്യാഭ്യാസം നേടാനുള്ള സാഹചര്യം ഏറെ പ്രയാസകരമാണ്. ആയതിനാൽ ഈ നടപടി ഒരുപാടു വിദ്യാർത്ഥികൾക്ക് സഹായകമാകും. അസാധാരണമായ ഈ കാലഘട്ടത്തിൽ സർക്കാർ നാളിതുവരെ തുടർന്നു വന്ന നയങ്ങളിൽ ഒട്ടേറെ മാറ്റങ്ങൾ ദൃശ്യമാണ്. പുതിയ സാഹചര്യങ്ങളെ വിശദമായി അവലോകനം ചെയ്യാനും അതുമായി ബന്ധപ്പെട്ട ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാനുമാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾക്കുള്ള ഹ്രസ്വകാല നടപടികൾ എന്നനിലയിൽ മാത്രമാണ് താഴെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങൾ പരിഗണിക്കപ്പെടേണ്ടത്. ഉന്നതവിദ്യാഭ്യാസമേഖലയുടെ വികസനവും ഉന്നതിയും ലക്ഷ്യമാക്കിയുള്ള നയപരമായ മാറ്റങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ പരിഗണിക്കപ്പെടുമ്പോൾ മേഖലയിലെ വിവിധ ഗുണഭോക്താക്കളുമായി നടത്തപ്പെടുന്ന വിശദമായ ചർച്ചകൾക്കും ആസൂത്രണത്തിനും ശേഷം മാത്രമായിരിക്കണം തീരുമാനങ്ങളിലേക്കെത്തേണ്ടത്.

### 1. പാഠ്യപദ്ധതിയിലെ അനിവാര്യമാറ്റങ്ങൾ

ഓൺലൈൻ പഠനം എന്ന പുതിയ സംരംഭത്തെ എങ്ങനെ നിലവിലെ പാഠ്യപദ്ധതിയുമായി ക്രിയാത്മകമായി സംയോജിപ്പിക്കാൻ കഴിയും എന്നത് ഈ ഘട്ടത്തിൽ അനിവാര്യമായി ചിന്തിക്കേണ്ടതുണ്ട്. യാതൊരാസൂത്രണവും തയ്യാറെടുപ്പും കൂടാതെ പുതിയ സാങ്കേതികവിദ്യ വിദ്യാഭ്യാസപ്രക്രിയയിൽ അടിച്ചേൽപ്പിക്കപ്പെട്ടരീതിയിൽ കടന്നുവരുമ്പോൾ പാഠ്യപദ്ധതിയിൽ അനുയോജ്യമായ മാറ്റങ്ങൾ അത്യന്താപേക്ഷിതമാണ്. ഡിജിറ്റൽ സാങ്കേതികവിദ്യ വിദ്യാർത്ഥികളിൽ സൃഷ്ടിക്കുന്ന യാന്ത്രികത, കൃത്രിമത്വം, വിഭജനം, സൈബർ അടിമത്വം, ആരോഗ്യപ്രശ്നങ്ങൾ തുടങ്ങിയ ദോഷവശങ്ങൾ ഒരു പരിധിവരെയെങ്കിലും ലഘൂകരിക്കാൻ പാഠ്യപദ്ധതി പുനർനിർണ്ണയത്തിന്

സാധിക്കണം. ഡിജിറ്റൽ സാങ്കേതികവിദ്യ അനിവാര്യമായിത്തീർന്ന പുതിയ സാഹചര്യം ഉൾക്കൊണ്ട് പാഠ്യപദ്ധതി പുനർനിർണയത്തിനുള്ള ഒരു അവസരമായി ഇപ്പോഴത്തെ പ്രതിസന്ധിയെ കരുതണം.

സാങ്കേതികവിദ്യയുടെ ഫലസിദ്ധി അത് എങ്ങനെ ഫലപ്രദമായി ഉപയോഗിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നതിനാൽ അതിന് അനുഗുണവും പൂരകവുമായ ഒന്നായിരിക്കണം പാഠ്യപദ്ധതി. അതുപോലെത്തന്നെ, വർത്തമാനകാല പ്രതിസന്ധികൾ വിദ്യാഭ്യാസമേഖലയിൽ വരുത്തിയ ആഘാതം പ്രത്യേകം പരിഗണിച്ചു കൊണ്ടു വേണം പാഠ്യപദ്ധതി പുനർനിർണ്ണയം. ഡിജിറ്റൽ സാങ്കേതികവിദ്യ ഏറെ നാളായി ഉന്നതവിദ്യാഭ്യാസപ്രക്രിയയിൽ സ്വാധീനം ചെലുത്തുന്നുണ്ടെങ്കിലും അതിന് വേണ്ടവിധത്തിലുള്ള പ്രധാന്യം സർവ്വകലാശാലാ പാഠ്യപദ്ധതികളിൽ നാളിതുവരെ തെളിഞ്ഞു വന്നിട്ടില്ല. പുതിയ സാഹചര്യത്തിൽ ഇതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓൺലൈൻ വിദ്യാഭ്യാസത്തിലേക്കുള്ള വളരെപ്പെട്ടെന്നുള്ള മാറ്റം വിദ്യാർത്ഥികളിൽ സൃഷ്ടിച്ചിരിക്കുന്ന ആകുലതയും, ഭാരവും, അനിശ്ചിതത്വവും ഒഴിവാക്കാൻ ഉതകുംവിധം സിലബസ്സിനെ ലഘൂകരിക്കേണ്ടതുണ്ട്. ഇതിനായി നിലവിലെ സിലബസ്സിൽ 20 മുതൽ 30 ശതമാനം വരെ പാഠഭാഗങ്ങൾ താത്ക്കാലികമായി പഠന-മൂല്യനിർണയ പ്രക്രിയയിൽനിന്നും ഒഴിവാക്കുകയോ, ചോദ്യപേപ്പറുകളിൽ കൂടുതൽ ചോയ്സ് ഉൾപ്പെടുത്തിക്കൊണ്ട് അനുയോജ്യമായ മാറ്റങ്ങൾ വരുത്തുകയോ ചെയ്ത് കുട്ടികളുടെ പഠനഭാരം ലഘൂകരിക്കേണ്ടതാണ്. ഇതിനായി സർവകലാശാലകളിലെ പഠനബോർഡുകൾ അടിയന്തിരമായി യോഗം ചേരണം.

## 2. ഓൺലൈൻ ക്ലാസിന്റെ സമയക്രമം

ഉന്നതവിദ്യാഭ്യാസരംഗത്ത് ഓൺലൈൻ പഠനം പൂർണമായ അർത്ഥത്തിൽ സാധ്യമാവണമെങ്കിൽ എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടറും മറ്റു അനുബന്ധ സൗകര്യങ്ങളും ലഭ്യമാവേണ്ടതുണ്ട് (ബ്രോഡ്ബാൻഡ് കണക്ടിവിറ്റി ഉൾപ്പെടെ). ഓൺലൈൻ ക്ലാസുകൾക്ക് പാകപ്പെടുവാൻ വേണ്ട അടിസ്ഥാനസൗകര്യങ്ങൾ ഇനിയും സംസ്ഥാനത്തെ ഭൂരിഭാഗം കുട്ടികൾക്കും പ്രാപ്തമായിട്ടില്ല. നിലവിലുള്ള ഓൺലൈൻ പഠനം മുഴുവൻ സ്മാർട്ട് ഫോണുകളെ അമിതമായി ആശ്രയിക്കുന്ന വിധത്തിലാണ്. ഇത് ആരോഗ്യപരവും മാനസികപരവുമായ ഒട്ടനവധി ഗൗരവപ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. എങ്കിലും ഒരു കുറഞ്ഞകാലത്തേക്കെങ്കിലും നമുക്ക് ഈ രീതികൾ അവലംബിച്ചേ മതിയാവൂ. കുടുംബശ്രീയുടെയും KSFEയുടെയും മുൻകൈയോടെ സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ലാപ്ടോപ് ലഭ്യമാക്കാനുള്ള പദ്ധതി ഈ അവസരത്തിൽ ഒട്ടേറെ പ്രതീക്ഷ നൽകുന്നുണ്ട്. പക്ഷെ, നടപ്പ്സെമെസ്റ്ററിലേക്ക് ഇത് പരിഹാരമാവുകയില്ല. ഫോൺ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ പഠനം ആണ് വർത്തമാനകാലയാഥാർത്ഥ്യം എന്ന് മനസിലാക്കിക്കൊണ്ട്, ഈ വർഷത്തേക്കുള്ള പദ്ധതികൾ അതിനനുസരിച് രൂപകൽപ്പന ചെയ്യേണ്ടതുണ്ട്.

വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് ആവശ്യമായ സ്മാർട്ട്ഫോൺ, ഇൻറർനെറ്റ് കണക്ടിവിറ്റി എന്നിവ സംബന്ധിച്ച കോളേജ് വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയ വിവരശേഖരണം എത്രയും വേഗം പൂർത്തിയാക്കണം. വിവിധ

കാരണങ്ങളാൽ ക്ലാസുകൾ ലഭിക്കാത്ത കുട്ടികൾ മുഖ്യധാരയിൽ നിന്നും ഒഴിവാക്കപ്പെടുന്നത് തടയണമെങ്കിൽ ഈ വിവരം അത്യാവശ്യമാണ്. ഈ വർഷം പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ അഡ്മിഷൻസമയത്ത് തന്നെ ഇത് സംബന്ധിച്ച കൃത്യമായ കണക്ക് ശേഖരിക്കാവുന്നതാണ്. സഹായം വേണ്ടവർക്ക് ക്ലാസ്സുകൾ തുടങ്ങുന്നതിന് മുൻപ്തന്നെ ഉചിതമായ മാർഗങ്ങൾ വഴി അത് ലഭ്യമാക്കാവുന്നതാണ്.

ഇപ്പോൾ പ്രയോഗത്തിലിരിക്കുന്ന ഓൺലൈൻ അധ്യയനരീതികളെ പൊതുവായി മൂന്നായി തിരിക്കാം.

i. തൽസമയ ക്ലാസ്
ii. വീഡിയോ ഓഡിയോ ക്ലാസ്സുകൾ റെക്കോർഡ് ചെയ്തു അയച്ചുകൊടുക്കൽ
iii. നോട്സ് തയ്യാറാക്കി അയച്ചു കൊടുക്കൽ.

ഇതിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള നേരിട്ടുള്ള സംവേദനം നടക്കുന്നത് ലൈവ് ക്ലാസ് എടുക്കുമ്പോൾ മാത്രമാണ്. പക്ഷെ ലൈവ് ക്ലാസ് ഒരു വലിയ ശതമാനം കുട്ടികൾക്ക് നഷ്ടമായിപ്പോവാറുണ്ട്. കണക്ടിവിറ്റിയിലുള്ള പ്രശ്നമാണ് ഇവിടെ പ്രധാനമായും ഉള്ളത്. തുടർച്ചയായി ലൈവ് ക്ളാസിൽ പങ്കെടുക്കേണ്ടി വരുന്നത് കുട്ടികളിൽ സമ്മർദ്ദമേറ്റുവാനിടയാവും. ഒരു ദിവസം കൂടുതൽ ലൈവ് ക്ലാസ്സ് അറ്റൻഡ് ചെയ്യുവാൻ ധാരാളം ഡാറ്റ ഉപയോഗിക്കേണ്ടിവരുന്നു. നിലവിലെ 8.30 am മുതൽ 1.30 pm വരെയുള്ള സമയക്രമം കുട്ടികൾക്ക് ബുദ്ധിമുട്ടുസൃഷ്ടിക്കുന്നുണ്ട്. ഇടവേളകളില്ലാതെ ലൈവ് ക്ലാസ്സുകളിൽ പങ്കെടുക്കേണ്ടിവരുന്നത് കുട്ടികളിൽ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ പ്രതികൂലമായി ബാധിച്ചേക്കാം. അതിനാൽ ലൈവ് ക്ലാസ്സുകളുടെ സമയക്രമം 8.30 മുതൽ 3.30 വരെ നീട്ടിനൽകി ശരിയായ ഇടവേളകളിൽ ക്രമീകരിക്കണം.

### 3. അദ്ധ്യാപക-വിദ്യാർത്ഥി പരിശീലനങ്ങൾ

സാധാരണ ക്ലാസ്റൂമുകളിലേക്ക്വേണ്ടി രൂപകൽപ്പന ചെയ്തിട്ടുള്ള കരിക്കുലവും സിലബസ്സും, ഓൺലൈൻ ക്ളാസ്സുകൾക്കായി മാറ്റംവരുത്തേണ്ടതാണ്. ഈ അക്കാഡമിക് വർഷത്തെ ആദ്യ സെമസ്റ്റർ ആരംഭിച്ചു ഏകദേശം രണ്ടു മാസത്തോളം ആയിട്ടും ഓൺലൈൻ പഠന രീതിക്ക് വേണ്ടത്ര ഗൗരവമോ ആധികാരികതയോ കൈവന്നിട്ടില്ല. പൊതുവെ ഇതൊരു സ്റ്റോപ്പ് ഗ്യാപ് അറേഞ്ച്മെന്റ് (Stop Gap Arrangement) എന്ന നിലയിൽ കൈകാര്യം ചെയ്യപ്പെടുന്നു. വിദ്യാർത്ഥികളെ സംബന്ധിച്ചു ഓൺലൈൻ വിദ്യാഭ്യാസം തുടരുകയാണെങ്കിൽ പരീക്ഷകളും മൂല്യനിർണയവും എങ്ങനെയായിരിക്കും എന്നതിനെക്കുറിച്ച് ആശങ്ക നിലനിൽക്കുന്നുണ്ട്. അദ്ധ്യാപകൻ തന്റെ പരിമിതമായ ഓൺലൈൻ അറിവുകൾ വച്ച് ക്ലാസുകൾ കൈകാര്യം ചെയ്യാൻ ശ്രമിക്കുന്നു. യാതൊരുപരിശീലനവും വേണ്ടരീതിയിൽ അവർക്കു ലഭിച്ചിട്ടില്ല. ഇത്തരമൊരു സാഹചര്യത്തിൽ കൃത്യമായ പരിശീലനം അധ്യാപകർക്കും വിദ്യാർത്ഥികൾക്കും നൽകാതെ ഈ പ്രക്രിയ വിജയകരമാകില്ല. ഓൺലൈൻ പഠനത്തിന്റെ ന്യൂനതകളെ കുറെയൊക്കെ പരിഹരിക്കാൻ ശ്രമിക്കുന്നതും ഏറെക്കൂറെ ശാസ്ത്രീയമായതുമായ ലേണിംഗ് മാനേജ്മന്റ് സിസ്റ്റം (LMS) ഉപയോഗിക്കുന്നവർ അദ്ധ്യാപകരിൽ താരതമ്യേനെ കുറവാണ്. അദ്ധ്യാപകൻ

നിലവിൽ ഉപയോഗിക്കുന്ന ഓൺലൈൻ സാദ്ധ്യതകൾ എല്ലാം, LMS അധിഷ്ഠിതമായി ചെയ്യുന്നത് ഓൺലൈൻ പഠന പ്രക്രിയയെ കുറച്ചെങ്കിലും സജീവമാക്കും. LMS എല്ലാ അദ്ധ്യാപകർക്കും പരിചിതമാക്കുന്നതിനോടൊപ്പം അതിൽ ഉപയോഗിക്കേണ്ട വിവിധ ബോധന സങ്കേതങ്ങൾ (വീഡിയോ, ഡോക്യുമെന്റുകൾ, വോയിസ് ക്ലിപ്പുകൾ, തുടങ്ങിയവ) തയ്യാറാക്കാൻ അദ്ധ്യാപകരെ പ്രാപ്തരാക്കുന്നതിനും ഉതകുന്ന ഒരു പരിശീലന പരിപാടി ആസൂത്രണം ചെയ്യുന്നത് ഈ സാഹചര്യത്തിൽ ഉചിതമാണ്.

ഉന്നതവിദ്യഭ്യാസ മേഖലയിലെ ചില അധ്യാപകസംഘടനകൾ ഇത്തരത്തിൽ ഒരു പരിശീലനപരിപാടി സംസ്ഥാനതലത്തിൽ നല്കിത്തുടങ്ങിയിട്ടുണ്ട്. കേരളത്തിലെ വിവിധ കോളേജുകളിൽ പ്രസ്തുത സാങ്കേതികവിദ്യയിൽ പ്രാവീണ്യം നേടിയ വിദഗ്ദ്ധരായ അധ്യാപകരെ കണ്ടെത്തി സംസ്ഥാന തലത്തിൽ പരിശീലനച്ചുമതല നൽകാവുന്നതാണ്. കോളേജ് വിദ്യാഭ്യാസവകുപ്പിന്റെ മേൽനോട്ടത്തിൽ തയ്യാറാക്കാൻ തീരുമാനിച്ചിരിക്കുന്ന LMS പ്ലാറ്റ്ഫോം ഒട്ടും താമസിക്കാതെ പ്രാവർത്തികമാക്കി അതിനു ആവശ്യമായ പരിശീലനം ഉടൻതന്നെ അദ്ധ്യാപകർക്ക് കൊടുത്തുതുടങ്ങണം. അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടിയിൽ വിദ്യാർത്ഥി എങ്ങനെയാണ് LMS പ്ലാറ്റ്ഫോം ഉപയോഗിക്കുക എന്നതിന്റെ വിശദവിവരങ്ങൾ ഉൾക്കൊള്ളിക്കണം. രണ്ടാം സെമസ്റ്റർ ക്ലാസുകൾ LMS പ്ലാറ്റ്ഫോമിൽ ആയിരിക്കും നടത്തപ്പെടുകയെന്ന കൃത്യമായ വിവരം എത്രയും വേഗം തന്നെ അദ്ധ്യാപകർക്ക് നൽകണം.

വിദ്യാർത്ഥി പരിശീലനം ഈ പ്രക്രിയയിലെ നിർണ്ണായക ഘടകമാണ്. പരിശീലനം ലഭിച്ച അധ്യാപകർക്ക് തങ്ങളുടെ വിദ്യാർത്ഥികളുടെ പരിശീലനം എളുപ്പത്തിൽ നടത്താൻ സാധിക്കും. LMS പ്ലാറ്റ്ഫോം വിദ്യാർഥികൾക്കു പരിചയപ്പെടുത്തുന്നതിനായി ദൈർഘ്യം കുറഞ്ഞ ചെറു വിഡിയോകൾ/വോയിസ് ക്ലിപ്പുകൾ എന്നിവ തയ്യാറാക്കി അതാതു ക്ലാസ് ട്യൂട്ടർമാർ മുഖേന വിദ്യാർത്ഥികളിൽ എത്തിക്കാം. എത്രയുംവേഗത്തിൽ ഈ പ്രക്രിയ പൂർത്തിയാക്കി ട്യൂട്ടർമാരുടെ സഹായത്തോടെ വിദ്യാർത്ഥിയെ പ്രയോഗികമായിത്തന്നെ LMS–ലേക്ക് കൊണ്ടുവരാൻ കഴിയണം.

**4. വിദ്യാർത്ഥികളുടെ മാനസികാരോഗ്യം**

കോളേജ് ക്യാംപസിൽനിന്നും കൂട്ടുകാരിൽനിന്നും വിട്ടുനിൽക്കേണ്ടിവരികയും മറ്റ് മാനസിക ഉല്ലാസത്തിനുള്ള മാർഗ്ഗങ്ങൾ ഇല്ലാതെ വീടിന്റെ നാല് ചുമരുകൾക്കിടയിൽ തളച്ചിടപ്പെടുകയും ചെയ്യുമ്പോൾ മാനസിക വിഷമം കുട്ടികളിൽ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്. ചിലരിലെങ്കിലും ഇത് സങ്കീർണമായ മാനസികപ്രശ്നങ്ങളിലേക്കു എത്തിയെന്നുവരാം. ഈ ആശങ്കകൾ പരിഹരിക്കാൻ ശാസ്ത്രീയസമീപനം അനിവാര്യമാണ്. ഇത്തരത്തിലുള്ള കുട്ടികൾ ഓരോ ക്ലാസ്സിലും ഉണ്ടോ എന്നത് ക്ലാസ് ട്യൂട്ടർമാരായ അദ്ധ്യാപകർ കണ്ടെത്തുകയും അവർക്കാവശ്യമായ കൗൺസിലിങ് നൽകേണ്ടതുമാണ്. ഇതിനായി കോളേജുകളിൽ ഇപ്പോൾ നിലവിലുള്ള "ജീവനി" എന്ന കൗൺസിലിങ് സംവിധാനം ഉപയോഗപ്പെടുത്തുകയും തുടർന്ന് ആവശ്യമെങ്കിൽ വിദഗ്ദ്ധ കൗൺസിലിങ്ങിന് വിധേയരാക്കുകയും ചെയ്യണം. ഇക്കാര്യങ്ങളുടെ സുഗമമായ നടത്തിപ്പിനായി സർക്കാർ പൊതു മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.

**5. ലബോറട്ടറി, പ്രൊജക്റ്റ്, വൈവ**

ശാസ്ത്രവിഷയങ്ങളിലെ ലബോറട്ടറി ക്ലാസ്സുകൾ സമ്പർക്കക്ലാസ്സുകളായി ത്തന്നെ നടത്തേണ്ടി വരും. കോവിഡിന്റെ രൂക്ഷത കുറയുമെന്നു പ്രതീക്ഷിക്കുന്ന അക്കാദമിക് വർഷാവസാനത്തിൽ ലാബുകൾ നടത്തുന്നതിനെക്കുറിച്ചു ആലോചിക്കാം. എന്നാൽ നിലവിലെ ഒരു പ്രാക്ടിക്കൽ ക്ലാസ്സിലെ കുട്ടികളുടെ എണ്ണത്തിന്റെ നാലിലൊന്നുമാത്രം ഒരു സമയം വരത്തക്ക രീതിയിൽ നാല് ബാച്ചുകളായി കുട്ടികളെ തിരിച്ച് സാമൂഹ്യഅകലം ഉറപ്പാക്കി വേണം ലാബുകൾ നടത്തുവാൻ. ലാബ് ഉപകരണങ്ങളും ഹാളും ഓരോ ബാച്ചിന്റെ ക്ലാസ്സിനു ശേഷവും അണുവിമുക്തമാക്കാനുള്ള കൃത്യമായതും കുറ്റമറ്റതുമായ പദ്ധതി ഉണ്ടാവണം.

ബിരുദതലത്തിലെയും ബിരുദാനന്തരബിരുദതലത്തിലെയും പ്രൊജക്ടുകളിൽ കഴിയുന്നിടത്തോളം തീയററ്റിക്കൽ, ഡാറ്റ അനാലിസിസ്, റിവ്യൂ എന്നീ ഘടകങ്ങൾക്ക് മുൻതൂക്കം കൊടുക്കണം. എങ്കിൽപോലും പ്രൊജെക്ടുകൾക്കായി കോളേജ് ലാബുകളോ മറ്റു സ്ഥാപനങ്ങളുടെ ലാബുകളോ ഉപയോഗിക്കേണ്ടി വന്നേക്കാം. കൃത്യമായ സാമൂഹ്യ അകലം പാലിച്ചു വർഷാവസാനം അത്തരം ലാബ് സന്ദർശനങ്ങൾ നടത്താൻ വിദ്യാർത്ഥികളെ അനുവദിക്കാവുന്നതാണ്. എന്നാൽ അത്തരം സന്ദർശനങ്ങളുടെ എണ്ണം ഏറ്റവും അത്യാവശ്യമായ കാര്യങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്താൻ പ്രൊജക്റ്റ് സൂപ്പർവൈസർമാർ ശ്രദ്ധിക്കണം. പ്രൊജക്റ്റ് റിപ്പോർട്ട് ഓൺലൈൻ ആയി കോളേജിൽ സമർപ്പിച്ചാൽ മതിയാകും. ഡിപ്പാർട്മെന്റ് HOD സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ടുകൾ, അതാതു സ്കീമുകളിൽ നിഷ്കർഷിക്കപ്പെട്ടിട്ടുള്ളത് പോലെ പരീക്ഷകനോ, സർവ്വകലാശാലയ്ക്കോ, HODമാർ ഓൺലൈൻ ആയി നൽകുന്നതായിരിക്കും ഉചിതം.

വൈവ (General and Project) പൂർണമായും ഓൺലൈൻ ആക്കാവുന്നതാണ്. വിദ്യാർത്ഥിയെ തിരിച്ചറിയേണ്ടതുള്ളതിനാൽ, ഓൺലൈൻ video call/ meeting ഉപയോഗിക്കണം. LMS ന്റെ ഭാഗമായോ അല്ലാതെയോ ഇതിനായി കൃത്യമായ ഒരു ഏകീകൃത പ്ലാറ്റ്ഫോം സർവ്വകലാശാലകൾ തയ്യാറാക്കണം. തിരിച്ചറിയൽ സംബന്ധമായ ആവശ്യകതകൾ ഉള്ളതിനാൽ പരീക്ഷകനോടൊപ്പം HOD/ ട്യൂട്ടറും വൈവ നടക്കുന്ന അവസരത്തിൽ ഉണ്ടായിരിക്കണം.

**6. സെമസ്റ്റർ അവസാന പരീക്ഷകൾ**

ഒന്ന്-രണ്ട്; മൂന്ന്-നാല്; അഞ്ച്-ആറ് സെമസ്റ്ററുകൾ ഒന്നിച്ചു വർഷാവസാനം പരീക്ഷ നടത്തുന്നതിന്റെ സാധ്യതകളെ കുറിച്ച് ആലോചിക്കാവുന്നതാണ്. കൃത്യമായ സാമൂഹ്യഅകലം പാലിക്കാനായി സ്കൂളുകൾ/ ആഡിറ്റോറിയങ്ങൾ/ മറ്റു ഹാളുകൾ ഉൾപ്പെടെ കൂടുതൽ പരീക്ഷാകേന്ദ്രങ്ങൾ തയ്യാറാക്കണം. വിദ്യാർത്ഥികൾക്ക് പരീക്ഷാകേന്ദ്രം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അനുവദിക്കാവുന്നതാണ്. കോവിഡ് കാലത്തെ യാത്ര പരമാവധി കുറയ്ക്കുവാൻ ഇത് ഉപകരിക്കും. ഓൺലൈൻ പഠനത്തിന്റെ ന്യൂനതകൾ മുന്നിൽകണ്ടുവേണം ചോദ്യപേപ്പറുകൾ തയ്യാറാക്കാൻ. എന്നാൽ പരീക്ഷകളുടെ ഗൗരവം നഷ്ടപ്പെടുന്ന തരത്തിലുള്ള യാതൊരു പരിഷ്കാരവും ചോദ്യപേപ്പറുകളിൽ അനുവദിക്കേണ്ടതില്ല. സർവ്വകലാശാലകൾ തങ്ങളുടെ അധികാരപരിധിക്ക് പുറത്തുള്ള എല്ലാ ജില്ലകളിലും പരീക്ഷ കേന്ദ്രങ്ങൾ ഏർപ്പെടുത്തണം.

### 7. മൂല്യനിർണയം

കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്ത് മൂല്യനിർണയപ്രക്രിയയിൽ പ്രധാനമായും രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന് ആന്തരിക മൂല്യനിർണയവും മറ്റൊന്ന് ഓരോ സെമെസ്റ്ററിന്റെയും അവസാനം നടക്കുന്ന ബാഹ്യമൂല്യനിർണ്ണയവും (എൻഡ്സെമസ്റ്റർ പരീക്ഷ). ആന്തരിക മൂല്യനിർണയത്തിന്റെ പ്രധാന ഘടകങ്ങൾ ഓരോ മാസവും നടത്തുന്ന ഇന്റെണൽ പരീക്ഷകളുടെയും, കുട്ടികൾ എടുക്കുന്ന, സെമിനാർ, വൈവ, മറ്റു അസൈൻമെന്റുകൾ എന്നിവയെ അടിസ്ഥാനമാക്കിയാണ്. കൂടാതെ, കുട്ടിയുടെ ഹാജർ ശതമാനം കണക്കാക്കി, വിവിധ സ്ലാബുകളിൽ വരുന്ന കുട്ടികൾക്ക് അതിനനുസരിച്ച് ഇന്റെർണൽ മാർക്ക് നൽകാറുണ്ട്.

ഹാജരിനു മാർക്ക് നൽകുന്ന സമ്പ്രദായം കേരള സർവകലാശാല 2019–20 വർഷം മുതൽക്ക് അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് ഒഴിവാക്കിയിട്ടുണ്ട്. ഇത് മറ്റ് എല്ലാ സർവ്വകലാശാലകളും നടപ്പിലാക്കണം. നിലവിലെ സാഹചര്യത്തിൽ ഇപ്പോഴുള്ള അവസാനവർഷ വിദ്യാർത്ഥികളുടെയും ഇന്റെർണൽ മാർക്ക് കണക്കു കൂട്ടുന്നതിൽ നിന്ന് ഹാജർ ഘടകം ഒഴിവാക്കേണ്ടത് അത്യാവശ്യമാണ്. അതുപോലെ, യൂണിവേഴ്സിറ്റി എക്സാം രജിസ്റ്റർ ചെയ്യാനാവശ്യമായ 75% ഹാജർ നില എന്ന മാനദണ്ഡവും ഈ അക്കാദമിക വർഷത്തേക്ക് ഒഴിവാക്കേണ്ടതാണ്. നിരന്തര മൂല്യനിർണയത്തിനായി സി. ബി. സി. എസ്. റെഗുലേഷൻസ് പ്രകാരം നിലവിൽ ഉപയോഗിച്ചുവരുന്ന ഘടകങ്ങൾ ഒഴിവാക്കി പകരം ഓൺലൈൻ പഠനവുമായി പൊരുത്തപ്പെടുത്താവുന്ന രീതിയിൽ ഒബ്ജെക്റ്റീവ് ചോദ്യങ്ങൾ അടിസ്ഥാനമാക്കിയുള്ള ടെസ്റ്റുകൾ, ഓൺലൈൻ അസ്സൈൻമെന്റുകൾ എന്നിവ ഉപയോഗിക്കാവുന്നതാണ്.

### 8. സ്റ്റഡി ടൂർ, ഫീൽഡ് വിസിറ്റ്

സ്റ്റഡി ടൂർ, ഫീൽഡ് വിസിറ്റ്, ഇൻഡസ്ട്രി വിസിറ്റ് തുടങ്ങിയ പ്രവർത്തനങ്ങൾ കോവിഡ് കാലത്തു കുട്ടികൾക്ക് അവശ്യം വേണ്ട ചില പഠന പ്രവർത്തനങ്ങൾക്കു തടസ്സം നേരിടുന്നുണ്ട്. പല വിഷയങ്ങളുടെയും സിലബസിലെ അവിഭാജ്യമായ ഘടകങ്ങളിലൊന്നാണ്, ഫീൽഡ് വിസിറ്റുകൾ. ക്ലാസ് മുറികൾക്കുള്ളിൽ നിന്ന് കിട്ടിയ അറിവുകളെ നേരിട്ടുള്ള പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കുട്ടി ഉറപ്പിക്കുന്ന പ്രക്രിയയും കൂടിയാണിത്. എന്നാൽ നിലവിലുള്ള സാഹചര്യങ്ങൾവച്ച് ഇത്തരം പ്രവർത്തനങ്ങൾ മുമ്പോട്ട് കൊണ്ട് പോവുന്നത് ദുഷ്കരമാണ്. ആയതിനാൽ, മേല്പറഞ്ഞ പ്രവർത്തനങ്ങൾ ഈ വർഷത്തേക്ക് മാത്രമായി ഒഴിവാക്കിക്കൊടുക്കേണ്ടതാണ്.

### 9. മറ്റു പഠനാനുബന്ധ – പഠനേതര പ്രവർത്തനങ്ങൾ

കോവിഡ്കാലം കുട്ടികൾകുള്ള സർഗാത്മകപ്രവർത്തനങ്ങൾക്കു മുൻപത്തെ പോലുള്ള അവസരങ്ങൾ ഇപ്പോൾ ഇല്ലാതാക്കുന്നു. NSS, NCC, ഫിലിം ക്ലബ്, ഇക്കോ ക്ലബ്, നേച്ചർ ക്ലബ്, റെഡ് റിബൺ ക്ലബ്, പോലുള്ളവയുടെ പ്രവർത്തനങ്ങൾ പൂർണമായും നിലച്ചിരിക്കുന്നു. ഓരോ കോളേജിന്റെയും അത് നില്കുന്ന ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾക്കനുസരിച്ച് സന്നദ്ധസേവന രംഗത്തും മറ്റും വിദ്യാർഥികൾ പങ്കെടുക്കാറുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ

ഒക്കെതന്നെ വിദ്യാർത്ഥികളുടെ അക്കാദമിക് ജീവിതത്തിന്റെ അവിഭാജ്യഘടകമാണ്. NSS, NCC, പോലുള്ള പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്കിനും അർഹതയുണ്ട്. ഇപ്പോൾ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുറെയേറെ വിദ്യാർഥികൾ, സർക്കാരിന്റെ കോവിഡ് ജാഗ്രത പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളാണ്. ഈ സാഹചര്യത്തിൽ, ഇത്തരം വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗ്രേസ് മാർക്ക് നൽകുന്നത് പരിഗണിക്കാവുന്നതാണ്. ഈ സർക്കാർ തുടങ്ങിവെച്ച, സന്നദ്ധസേനയുടെ പ്രവർത്തനങ്ങൾ ഒരു സ്ഥിരം സംവിധാനമാക്കുന്നുണ്ടെങ്കിൽ, അതുമായി സഹകരിച്ചു പ്രവർത്തിക്കുന്ന സന്നദ്ധസേവനതല്പരരായ വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന കോഴ്സുകളിൽ ഗ്രേസ് മാർക്ക് നൽകുന്നത് തുടർന്നും പരിഗണിക്കാവുന്നതാണ്. NSS, NCC, എന്നിവയിൽ പ്രവർത്തിക്കുന്നവർക്ക്, അവർ ഒരു വർഷം നിർബന്ധമായും ചെയ്തു തീർക്കേണ്ട പ്രവർത്തനങ്ങൾക്കു പകരമായി ഇപ്പോഴുള്ള സന്നദ്ധ പ്രവർത്തനങ്ങളെ പരിഗണിക്കേണ്ടതാണ്.

### 10. വിദ്യാർത്ഥികളുടെ കോളേജ് – സർവ്വകലാശാലാമാറ്റം

ഇപ്പോൾ കേരളത്തിലെ വിവിധ സർവ്വകലാശാലകളുടെ കീഴിൽ പഠന വകുപ്പുകളിലും കോളേജുകളിലും ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളിൽ നല്ലൊരു വിഭാഗം കേരളത്തിലെ തന്നെ മറ്റ് സർവ്വകലാശാലാ പരിധിക്കുള്ളിൽ സ്ഥിരതാമസമാക്കിയിട്ടുള്ളവരാണ്. ഇപ്പോഴത്തെ കോവിഡ് സാഹചര്യം മുൻനിർത്തി ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് കോളേജ്/ സർവ്വകലാശാലാ മാറ്റം അനുവദിക്കുന്നതിന് നിലവിലെ നിയമങ്ങൾക്ക് ഇളവ് അനുവദിക്കേണ്ടതാണ്.

### 11. ഗവേഷണ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ

ഗവേഷണ വിദ്യാർത്ഥികളുടെ പ്രവർത്തനങ്ങൾ 2020 മാർച്ച് മാസം മുതൽ ഏകദേശം നിശ്ചലമായ അവസ്ഥയിലാണ്. അവർക്ക് ഗവേഷണ കേന്ദ്രങ്ങളിൽ പോകാനോ ലൈബ്രറി റഫറൻസുകൾക്കോ ലാബ് പ്രവർത്തനങ്ങൾക്കോ വിവരശേഖരണത്തിനാവശ്യമായ യാത്രകൾ നടത്താനോ മാർഗദർശ്ശികളെ നേരിട്ട് കാണാനോ വിദഗ്ധരുമായി സംവദിക്കാനോ സാധ്യമാകാത്ത അവസ്ഥയിലാണ്. പി.എച്ച്.ഡി. ബിരുദത്തിനായി ഗവേഷണത്തിന്റെ വിവിധ ഘട്ടങ്ങളിൽ എത്തി നിൽക്കുന്ന വിദ്യാർത്ഥികൾ മാനസിക പിരിമുറുക്കത്തിലാണ്. പ്രബന്ധം സമർപ്പിച്ച് അതിന്റെ ഓപ്പൺ ഡിഫൻസിനായി കാത്ത് നിൽക്കുന്നവരുണ്ട്, പുതുതായി ഗവേഷണത്തിന് ചേരാൻ അപേക്ഷ സമർപ്പിച്ചവരുമുണ്ട്. ഇത്തരം ഒരു സാഹചര്യത്തിൽ സർവ്വകലാശാല പി.എച്ച്.ഡി. ഗവേഷണ മേഖലയുടെ സുഗമമായ മുന്നോട്ട് പോക്കിന് ചില അടിയന്തിര നടപടികൾ എടുക്കേണ്ടതുണ്ട്. 2020–21 അക്കാദമിക് വർഷം തുടങ്ങി ഡിസംബർ മാസം വരെ ഗവേഷണ വിദ്യാർത്ഥികളുടെ ഗവേഷണ കേന്ദ്രത്തിലെ ഹാജർ ഗൈഡിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കി വിദ്യാർത്ഥികളുടെ വിവിധ സ്കീമുകളിലെ ഫെല്ലോഷിപ്പ് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുകയും വേണം.

ഗവേഷണ പ്രവർത്തനങ്ങൾക്ക് മുകളിൽ സൂചിപ്പിച്ച തടസ്സങ്ങൾ നേരിട്ട് കൊണ്ടിരിക്കുന്നതിനാൽ പി.എച്ച്.ഡി. ഗവേഷണ കാലപരിധി 2020 ഡിസംബർ 31ന് മുമ്പായി അവസാനിക്കുന്ന വിദ്യാർത്ഥികൾക്ക് കുറഞ്ഞത് ഒരു വർഷമെങ്കിലും നീട്ടി നൽകണം. ഇത്തരത്തിൽ ഗവേഷണ വിദ്യാർത്ഥികളുടെ ഗവേഷണ കാലപരിധി നീട്ടിനൽകുമ്പോൾ ഗവേഷണത്തിന് പുതിയതായി പ്രവേശനം നേടാൻ കാത്തിരിക്കുന്നവരുടെ അവസരം നിഷേധിക്കപ്പെടരുത്. ഇതിനുള്ള പരിഹാരമെന്നനിലയിൽ ഓരോ ഗൈഡുമാരുടേയും കീഴിൽ ഇത്തരത്തിൽ കാലപരിധി നീട്ടിനൽകുന്ന വിദ്യാർത്ഥികളുടെ തുല്ല്യ എണ്ണം പുതിയ ഒഴിവുകളായി കണക്കാക്കി താത്ക്കാലിക പ്രവേശനം നൽകേണ്ടതാണ്.

പ്രീ-സബ്മിഷൻ, ഓപ്പൺ ഡിഫെൻസ്, പ്രോഗ്രസ്സ് ഇവാലുവേഷൻ എന്നിവ നടത്തുന്നതിന് വിവിധ സർവ്വകലാശാലകൾ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന ഓൺലൈൻ സംവിധാനം തുടരാവുന്നതാണ്. എന്നാൽ ഇതിന് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കണം.

## 12. വിദൂരവിദ്യാഭ്യാസം

ദീർഘകാലം കോവിഡിനൊപ്പം ജീവിക്കേണ്ട സാഹചര്യം ഉണ്ടായാൽ ഉന്നതവിദ്യാഭ്യാസം കൂടുതൽ പേർക്ക് പ്രാപ്യമാക്കുന്നതിനു ഏറ്റവും അനുയോജ്യമായ മാർഗ്ഗമാണ് ഓപ്പൺ/ വിദൂര വിദ്യാഭ്യാസം. ഇത് മുന്നിൽ കണ്ടുകൊണ്ടു നിലവിലെ വിദൂര വിദ്യഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും പുതിയ സ്ഥാപനങ്ങൾ തുറക്കുകയും വേണം. നിലവിൽ വിദൂര വിദ്യാഭ്യാസത്തിലെ വിദ്യാർത്ഥികൾ തങ്ങളുടെ പഠന സഹായികൾക്കും സ്റ്റഡി നോട്സ് നും പ്രത്യേക കേന്ദ്രങ്ങളിൽ എത്തിച്ചേരുന്നത് ഒഴിവാക്കി ഇവ വീടുകളിൽ പോസ്റ്റ്/ കൊറിയർ മുഖാന്തിരം എത്തിക്കണം. നിശ്ചിത സമ്പർക്ക ക്ലാസുകൾ താത്കാലികമായി ഓൺലൈൻ സംവിധാനത്തിൽ നൽകണം. വിദൂരവിദ്യാഭ്യാസത്തിൽ കൂടുതൽ കോഴ്സുകൾ തുടങ്ങുന്നതിനായി അടിയന്തിരമായി സർവ്വകലാശാലകൾ യു.ജി.സി.യുടെ അംഗീകാരം നേടാനായി ശ്രമിക്കണം.

## 13. യൂണിയൻ പ്രവർത്തനങ്ങൾ

കോളേജ് യൂണിയന്റെ പ്രവർത്തനങ്ങൾ നിലവിലെ ഭാരവാഹികളിൽ ഈ അക്കാദമികവർഷവും തുടരുന്ന വിദ്യാർത്ഥികളുടെ മേൽനോട്ടത്തിൽ മുന്നോട്ടുപോകണം. എഴുത്തുമത്സരങ്ങൾ, കലാമത്സരങ്ങൾ എന്നിവ സംഘടിപ്പിക്കാനുള്ള ബദൽമാർഗ്ഗങ്ങൾ അധ്യാപക-വിദ്യാർത്ഥി പ്രതിനിധികളുമായി ചർച്ചചെയ്ത് തീരുമാനിക്കേണ്ടതാണ്.

## 14. കായിക വിദ്യാഭ്യാസം

കോവിഡ് കാലത്ത് ചെസ്സ് ഒഴികെയുള്ള മറ്റ് സ്പോർട്സ് ഇനങ്ങളിലെ വിവിധ ടൂർണമെന്റുകളോ, പരിശീലനമോ നടത്താൻ സാധിക്കാത്ത സാഹചര്യമാണ്. ഇന്നത്തെ അസാധാരണമായതും തികച്ചും അപരിചിതവുമായ സാഹചര്യത്തിൽ നമ്മുടെ വിദ്യാർത്ഥികളുടെ ആരോഗ്യവും കായികക്ഷമതയും നിലനിർത്തുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കോളേജുകളിലെ കായിക വിദ്യാഭ്യാസ വിഭാഗത്തിന്റെ നേതൃത്വത്തിൽ കോളേജ്വിദ്യാർത്ഥികളുടെ ഫിറ്റ്നസ് നിലനിർത്തുന്നതിനുള്ള വിവിധ വ്യായാമമുറകളുടെ വീഡിയോ ക്ലാസ്സുകൾ

തയ്യാറാക്കി നൽകാവുന്നതാണ്. ഓൺലൈൻ ക്ലാസ്സുകളിലൂടെ കുട്ടികളുടെ കായികക്ഷമത അവർക്കുതന്നെ സ്വയം പരിശോധിക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകുവാനും ഫിസിക്കൽ എജ്യൂക്കേഷൻ അദ്ധ്യാപകർക്ക് സാധിക്കുന്നതാണ്. ഹോം ജിം, ട്രെഡ്മിൽ, എലിപ്റ്റിക്കൽ ക്രോസ് ട്രെയിനർ എക്സർസൈസ് സൈക്കിൾ എന്നീ സൗകര്യങ്ങൾ ഇല്ലാത്തവർക്ക് ഇതിനായി വീടിനകത്തുതന്നെ ചെയ്യാൻപറ്റുന്ന ചില വ്യായാമരീതികൾ ഓൺലൈൻവഴി കുട്ടികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുവാനും അദ്ധ്യാപകർക്ക് സാധിക്കുന്നതാണ്. കായികക്ഷമത നിലനിർത്തുന്നതിനായി ഒട്ടേറെ വ്യായാമമുറകൾ വിവിധ ഓൺലൈൻ മാധ്യമം ഉപയോഗിച്ച് കുട്ടികൾക്ക് പരീക്ഷിക്കാവുന്നതാണ്. സംഗീതത്തിന്റെ അകമ്പടിയോടെ ചെയ്യുകയാണെങ്കിൽ ഇത്തരം വ്യായാമങ്ങൾ കൂടുതൽ രസകരമായി ചെയ്യാൻ കഴിയും. വിവിധതരത്തിലുള്ള ഫിറ്റ്നസ് വർക്ക് ഔട്ടുകൾ ചെയ്യാൻ കഴിയുന്ന മൊബൈൽ ആപ്പുകൾ ഇന്ന് ലഭ്യമാണ്. ലൈറ്റ് സ്ട്രെച്ചിംഗ് എക്സർസൈസുകൾ, റൊട്ടേഷൻ എക്സർസൈസുകൾ, സൂര്യനമസ്കാരം എന്നിവ ഇതിനായിട്ട് ചെയ്യാവുന്നതാണ്. ഫിറ്റ്നസ് വർക്ക് ഔട്ടുകൾ പോലെ തന്നെ സ്പോർട്സ് സ്കിൽസ് പ്രാക്ടീസും നമുക്ക് വീട്ടിനുള്ളിൽത്തന്നെ ചെയ്യാൻ കഴിയുന്നതാണ്. ക്രിക്കറ്റ് ബാറ്റ്, ബാഡ്മിന്റൺ റാക്കറ്റ്, ടി ടി റാക്കറ്റ് എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള ഷാഡോ പ്രാക്ടീസ് പരിശീലിക്കുന്നത് 'ടച്ച്' നിലനിർത്തുവാൻ സഹായകരമാണ്. ബാസ്ക്കറ്റ് ബോൾ, വോളീബോൾ, ഫുട്ബോൾ, ത്രോബോൾ എന്നിവ ലഭ്യമാണെങ്കിൽ ജഗ്ലിംഗ്, ഡ്രിബിളിംഗ്, പാസ്സിംഗ് എന്നിവ സ്വയം പരിശീലിക്കുവാൻ സാധിക്കും ചെസ്സ് കളിക്കുവാനും പരിശീലിക്കുവാനും ഫിഡെ ചെസ്സ് ടൈറ്റിലുകൾ നേടാനും സൗകര്യമൊരുക്കുന്ന ഓൺലൈൻ വെബ്സൈറ്റുകൾ ധാരാളമുണ്ട്.

മേൽ സൂചിപ്പിച്ച രീതിയിൽ കുട്ടികളുടെ കായികക്ഷമത നിലനിർത്തുന്നതിനും ശാരീരികവും മാനസികവുമായ ആരോഗ്യം പരിപാലിക്കുന്നതിനും കോളേജ്/ യൂണിവേഴ്സിറ്റികളിലെ കായിക അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ഉചിതമായ നടപടികൾ കൈകൊള്ളേണ്ടതാണ്. ഇതിനാവശ്യമായ പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ/ സർവ്വകലാശാലകൾ പുറപ്പെടുവിക്കേണ്ടതാണ്.

### 15. എഫ്. ഡി. പി.പദ്ധതി

ഗവൺമെൻറ് കോളേജുകളിൽ നടന്നുവരുന്ന സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയായ ഫാക്കൽറ്റി ഡെവലപ്മെൻറ് പ്രോഗ്രാം പ്രകാരമുള്ള പരിപാടികൾ ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ വളരെ ചെലവുകുറച്ചു വെബ്ബിനാർ എന്ന രീതിയിൽ നടത്താൻ സാധിക്കും. ആയതിനാൽ പ്രസ്തുത പദ്ധതികൾക്കായി അനുവദിക്കപ്പെടാവുന്ന തുകയുടെ ഒരു ഭാഗം കോളേജുകളുടെ സാങ്കേതിക വിദ്യാ വികസനത്തിനായി മാറ്റി നൽകേണ്ടാതാണ്.

### 16. ന്യൂ ഇനിഷ്യേറ്റീവ്സ്

ASAP, WWS, SSP, FLAIR എന്നീ സംരംഭങ്ങളുടെ സാധാരണ നടത്തിവരുന്ന പ്രവർത്തനങ്ങൾ ഈ അക്കാദമികവർഷം താത്ക്കാലികമായി നിർത്തിവച്ചുകൊണ്ട് വിദ്യാർത്ഥികളെയും അധ്യാപകരെയും കോളേജുകളെയും സഹായിക്കുന്നതരത്തിൽ കോളേജിന്റെ ഇൻഫർമേഷൻ ടെക്നോളജി

അനുബന്ധ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകണം. പ്രസ്തുത സംരംഭങ്ങളുടെ ഈ വർഷത്തെ തുക ഇത്തരത്തിൽ രൂപപ്പെടുത്തുന്ന പുതിയ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കണം.

**ഉപസംഹാരം**

കോവിഡ്–19 എന്ന മഹാമാരി രാജ്യത്ത് റിപ്പോർട്ട് ചെയ്ത് ആറുമാസം പിന്നിടുമ്പോൾ ജീവിതത്തിൻറെ സമസ്തമേഖലകളും പ്രതിസന്ധി നേരിടുന്നു. കോവിഡിനൊപ്പം ജീവിക്കാൻ നാം ശാരീരികമായും മാനസികമായും കരുത്ത് ആർജ്ജിക്കുന്നതിനോടൊപ്പം അക്കാദമികമേഖലയേയും നമുക്ക് വീണ്ടെടുക്കേണ്ടതുണ്ട്. കോവിഡിനെ അതിജീവിച്ചാലും നമ്മൾ ഉൾക്കൊണ്ട പല പുതിയ പാഠങ്ങളും നമുക്ക് തുടർന്നുകൊണ്ടു പോകേണ്ടതുമുണ്ട്. ആയതിനാൽ ഈ ഘട്ടത്തിൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസമേഖലയെ ഇപ്പോഴത്തെ പ്രതിസന്ധികളെ മറികടന്ന് ശക്തിപ്പെടുത്തുകയും കൂടുതൽ പഠനാവസരങ്ങൾ സൃഷ്ടിക്കുകയും വേണം. നിലവിൽ വിദ്യാഭ്യാസരംഗത്ത് ബദൽനയങ്ങളുടെ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. ജീവിതനിലവാരം, സുരക്ഷ, ആരോഗ്യം, ശുചിത്വം എന്നിവ കണക്കിലെടുത്ത് കൂടുതൽ വിദ്യാർഥികൾ കേരളത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്നുണ്ട്. കോവിഡിന് മുമ്പും ലോകത്തിനു മാതൃകയായിരുന്ന കേരള സംസ്ഥാനം കോവിഡിനെ നേരിടുന്നതിനും അതിജീവിക്കുന്നതിലും പുതിയ മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് ലോകത്തെ വീണ്ടും അത്ഭുതപ്പെടുത്തുന്നു. ഇത് കേരളത്തിന്റെ വികസന സാധ്യത കൂടുതൽ ഉത്തേജിപ്പിക്കുന്നു. അതിന് ഏറെ സംഭാവന ചെയ്യാൻ പറ്റുന്ന മേഖല എന്ന നിലക്ക് ഉന്നതവിദ്യാഭ്യാസരംഗത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് ദീർഘവീക്ഷണത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന സർക്കാരിന്റെ ഗൗരവമായ പരിഗണനയ്ക്കായി എ.കെ.ജി.സി.ടി. പഠനഗവേഷണകേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് സമർപ്പിക്കുന്നു.

<u>കമ്മിറ്റി അംഗങ്ങൾ</u>

ഡോ. എം. സത്യൻ (സംസ്ഥാന പ്രസിഡൻറ്)
ഡോ. എൻ. മനോജ് (ജനറൽ സെക്രട്ടറി)
ഡോ. ഗ്രേഷ്യസ് ജെയിംസ് (കൺവീനർ)
പ്രൊഫ. ഇമ്പിച്ചിക്കോയ കെ. (അംഗം)
പ്രൊഫ. സന്തോഷ് ടി. വർഗ്ഗീസ് (അംഗം)
ഡോ. വിഷ്ണു. വി. എസ്. (അംഗം)
ഡോ. പ്രിൻസ് പി. ആർ. (അംഗം)
ഡോ. ഷാനവാസ് പി. എച്. (അംഗം)
ഡോ. സെനോ ജോസ് (അംഗം)